## പതിനാലാം കേരള നിയമസഭ

### പത്താം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം.2211 09/03/2018-ൽ മറുപടിയ്ക്ക്**

**'ഗോത്ര വാത്സല്യ നിധി' പദ്ധതി**

| ചോദ്യം | | മറുപടി | |
|---|---|---|---|
| **ശ്രീ.പുരുഷൻ കടലുണ്ടി :** | | **ശ്രീ. എ.കെ.ബാലൻ (പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്ക സമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി)** | |
| (എ) | പട്ടികവർഗ വിഭാഗത്തിലെ പെൺകുട്ടികൾക്കായി ആരംഭിക്കുന്ന 'ഗോത്ര വാത്സല്യ നിധി' പദ്ധതിയുടെ വിശദ വിവരങ്ങൾ ലഭ്യമാക്കാമോ; | (എ) യും (ബി) യും | പട്ടികവർഗ്ഗ വിഭാഗത്തിലെ പെൺകുട്ടികളുടെ വിദ്യാഭ്യാസ ഉന്നതി ലക്ഷ്യമാക്കി നടപ്പാക്കാൻ ഉദ്ദേശിക്കുന്ന ഗോത്രവാത്സല്യ നിധി പദ്ധതി ആരംഭിക്കുന്നതിനുള്ള ഭരണാനുമതി നല്കിയിട്ടുണ്ട്. ടി പദ്ധതി 2017-18 സാമ്പത്തിക വർഷം തന്നെ ആരംഭിക്കുന്നതാണ്. പദ്ധതി നടപ്പാക്കുന്നതിനാവശ്യമായ മാർഗ്ഗനിർദ്ദേശങ്ങൾ വിശദമായി അടങ്ങുന്ന സ.ഉ.(സാധാ) നം.213/2018/പജപവവിവ. തീയതി, 02/02/2018 ഉത്തരവിന്റെ പകർപ്പ് അനുബന്ധമായി ചേർത്തിട്ടുണ്ട്. |
| (ബി) | പദ്ധതി എപ്പോൾ ആരംഭിക്കുവാനാണ് ഉദ്ദേശിക്കുന്നതെന്ന് വെളിപ്പെടുത്തുമോ? | | |

സെക്ഷൻ ഓഫീസർ

അനുബന്ധം

കേരള സർക്കാർ

<u>സംഗ്രഹം</u>

പട്ടികവർഗ്ഗ വികസന വകുപ്പ് - ഗോത്ര വാത്സല്യനിധി പദ്ധതി നടപ്പിലാക്കുന്നതിനാവശ്യമായ മാർഗ്ഗ നിർദ്ദേശങ്ങൾ അംഗീകരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**പട്ടികജാതി പട്ടികവർഗ്ഗ വികസന (പി.എം) വകുപ്പ്**

സ.ഉ.(സാധാ)നം.213/2018/പജപവവിവ. തിരുവനന്തപുരം, തീയതി, 02/02/2018.

---

പരാമർശം :- 1. സർക്കാർ ഉത്തരവ് (സാധാ) നം. 2341/2017/പജപവവിവ. തീയതി, 22/109/2017.

2. പട്ടികവർഗ്ഗ വികസന വകുപ്പ് ഡയറക്ടറുടെ 06/01/2018-ലെ ബി1-7346/17 നമ്പർ കത്ത്.

**<u>ഉത്തരവ്</u>**

പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട പെൺകുട്ടികളുടെ വിദ്യാഭ്യാസ ഉന്നതി ലക്ഷ്യമാക്കി 2017-18 സാമ്പത്തിക വർഷം സർക്കാർ പ്രഖ്യാപിച്ച ഗോത്ര വാത്സല്യനിധി പദ്ധതിക്ക് സൂചന 1 പ്രകാരം ഭരണാനുമതി നല്കിയിട്ടുണ്ട്. ടി പദ്ധതി നടപ്പാക്കുന്നതിന് അനുയോജ്യമായ ഏജൻസി എൽ.ഐ.സി. ഓഫ് ഇന്ത്യ ആണെന്ന് കണ്ടെത്തിയതായും എൽ.ഐ.സിയുമായി കരാർ ഒപ്പ് വച്ചതായി പട്ടികവർഗ്ഗ വികസനവകുപ്പ് ഡയറക്ടർ റിപ്പോർട്ട് ചെയ്യുകയും പദ്ധതി നടപ്പാക്കുന്നതി നാവശ്യമായ മാർഗ്ഗ നിർദ്ദേശങ്ങൾ അംഗീകരിക്കണമെന്ന് ആവശ്യപ്പെടുകയും ചെയ്തിരുന്നു.

2) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിക്കുകയുണ്ടായി പട്ടികവർഗ്ഗ വികസന വകുപ്പ് ഡയറക്ടറുടെ ശുപാർശയുടെ അടിസ്ഥാനത്തിൽ ഗോത്രവാത്സല്യനിധി പദ്ധതി നടപ്പാക്കുന്നതിനായി ഇതോടൊപ്പം ഉള്ളടക്കം ചെയ്തിരിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങൾ അംഗീകരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഗവർണറുടെ ഉത്തരവിൻ പ്രകാരം,
ബീനകുമാരി. എസ്,
ജോയിന്റ് സെക്രട്ടറി.

ഡയറക്ടർ, പട്ടികവർഗ്ഗ വികസന വകുപ്പ്, തിരുവനന്തപുരം.
പ്രിൻസിപ്പൽ അക്കൌണ്ടന്റ് ജനറൽ (സോഷ്യൽ & ജനറൽ സെക്ടർ), കേരളം, തിരുവനന്തപുരം.
പ്രിൻസിപ്പൽ അക്കൌണ്ടന്റ് ജനറൽ (എക്കണോമിക് & റവന്യൂ സെക്ടർ), കേരളം, തിരുവനന്തപുരം.
ഇൻഫർമേഷൻ ഓഫീസർ, വെബ് & ന്യൂ മീഡിയ, ഐ & പി. ആർ.ഡി, ഗവ. സെക്രട്ടറിയേറ്റ്, തിരുവനന്തപുരം.
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം,

സെക്ഷൻ ഓഫീസർ.

## മാർഗ്ഗ നിർദ്ദേശങ്ങൾ

1. 01.04.2017 മുതൽ ജനിച്ച പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട പെൺകുട്ടികൾക്ക് ഈ പദ്ധതി പ്രകാരം ആനുകൂല്യത്തിന് അർഹത ഉണ്ടായിരിക്കുന്നതാണ്.
2. പെൺകുട്ടി ജനിച്ച് ജനന സർട്ടിഫിക്കറ്റ് ലഭ്യമാകുമ്പോൾ ആദ്യ ഗഡുവായി 39000/- രൂപ വകുപ്പിൽ നിന്നും എൽ.ഐ.സി മുഖേന നിക്ഷേപിച്ച് പെൺകുട്ടി യുടെ പേരിൽ പോളിസി എടുക്കുന്നു
3. പെൺകുട്ടിക്ക് 2 വയസ്സ് പൂർത്തിയാകുമ്പോൾ ആവശ്യമായ പ്രതിരോധ കുത്തി വയ്പ്പുകൾ എടുക്കേണ്ടതാണ് ആയതിന്റെ രേഖകൾ ഹാജരാക്കുമ്പോൾ പെൺകുട്ടിയുടെ മാതാപിതാക്കൾക്ക് 2000/- രൂപ എൽ.ഐ.സി യിൽ നിന്നും ധനസഹായം ലഭ്യമാകും.
4. പെൺകുട്ടിയ്ക്ക് 5 വയസ് പൂർത്തിയായി സ്കുളിൽ/അംഗൻവാടിയിൽ പേര് രജിസ്റ്റർ ചെയ്യുമ്പോൾ 2-ാം ഗഡുവായി വകുപ്പ് 36,000/- രൂപ എൽ.ഐ.സിയിൽ നിക്ഷേപിക്കുന്നു. തുടർന്ന് 3000/- രൂപ ധനസഹായമായി എൽ.ഐ.സി മുഖേന രക്ഷിതാക്കൾക്ക് ലഭിക്കുന്നു.
5. പെൺകുട്ടിയ്ക്ക് 10 വയസ് പൂർത്തിയായി നാലാം ക്ലാസിൽ പ്രവേശിക്കുമ്പോൾ 3-ാം ഗഡുവായി വകുപ്പ് 33,000/- രൂപ എൽ.ഐ.സി യിൽ നിക്ഷേപിക്കുന്നു. തുടർന്ന് 5000/- രൂപ ധനസഹായമായി എൽ.ഐ.സി മുഖേന രക്ഷിതാക്കൾക്ക് ലഭിക്കുന്നു.
6. പെൺകുട്ടിയ്ക്ക് 15 വയസ് പൂർത്തിയാകുമ്പോൾ വകുപ്പ് 4-ാം ഗഡുവായി 30,000/- രൂപ എൽ.ഐ.സിയിൽ നിക്ഷേപിക്കുന്നു.
7. പെൺകുട്ടി പത്താം ക്ലാസ്സ് പഠനം പൂർത്തിയാക്കുമ്പോൾ 10,000/- രുപ പെൺകു ട്ടിയുടെ രക്ഷിതാക്കൾക്ക് ധനസഹായമായി എൽ.ഐ.സി മുഖേന ലഭ്യമാകും.
8. പെൺകുട്ടിക്ക് 18 വയസ്സ് പൂർത്തിയാകുമ്പോൾ ഇൻഷൂറൻസ് തുക ലംപ്സം ആയി പെൺകുട്ടിക്ക് ലഭിക്കും.
9. മാതാപിതാക്കളിൽ ആരെങ്കിലും ഒരാൾ പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട ആളാണെങ്കിൽ അവരുടെ മകൾക്ക് (01/04/2017 മുതൽ ജനിച്ചത്) ഗോത്രവാൽസല്യനിധി പദ്ധതിയിൽ പേര് രജിസ്റ്റർ ചെയ്യാവുന്നതാണ്.
10. ഗോത്രവാൽസല്യനിധി പദ്ധതിയിൽ പേര് ചേർക്കുന്ന പട്ടികവർഗ്ഗ പെൺകുട്ടികളുടെ രക്ഷകർത്താക്കളുടെ വാർഷിക വരുമാനം 5 ലക്ഷം രുപയിൽ കുറവായിരിക്കണം.

സെക്ഷൻ ഓഫീസർ.